**പ്രഫസർ അനിൽകുമാറിന്റെ ചോദ്യോത്തരവേള– ശനിയാഴ്ച തോറും**

**സെപ്തംബർ 14, 2024 ശനി**

**പ്രശാന്തി സന്ദേശം പോഡ്കാസ്റ്റ്**

**മലയാളം ഉൾപ്പടെ 8 ഇന്ത്യൻ ഭാഷകളിലും ഇറ്റാലിയൻ, സ്പാനിഷ് , റഷ്യൻ ഉൾപ്പടെ വിദേശഭാഷകളിലും ശനിയാഴ്ച തോറും**

# അമരത്വം= ദുർവൃത്തി ദുരീകരണം

## IMMORTALITY = REMOVAL OF IMMORALITY

**Q. 337: സ്വാമീ! അസൂയ, മാത്സര്യം, അഹന്ത, അഹംഭാവം, മമത ഇങ്ങനെയുള്ള ദുർവികാരങ്ങൾ എന്തുകൊണ്ടാണ്, എങ്ങനെയാണ്, ഞങ്ങൾക്ക് കിട്ടുന്നത്? ഈ ദുർവികാരങ്ങളിൽനിന്ന് അകന്നുനിൽക്കാൻ എന്തു ചെയ്യണം ഞങ്ങൾ?**

**ഭഗവാൻ**: ഈ ദുർവികാരങ്ങളുടെയെല്ലാം മുഖ്യ കാരണം നിങ്ങളുടെ ശരീര മമത( body attachment)യാണ്. ഈ വികാരങ്ങൾ നിങ്ങളുടെ മനസ്സിലാണ് ജനിക്കുന്നത്. അവ നിങ്ങളുടെ മറ്റുള്ളവരുമായുള്ള ബന്ധത്തെയും പരസ്പര വ്യവഹാര(interactions)ത്തെയും ആശ്രയിച്ചിരിക്കുന്നു.

ഒരു ചെറിയ ഉദാഹരണം: നിങ്ങൾക്ക് വളരെ അടുപ്പമുള്ള ഒരു സുഹൃത്ത് ഉണ്ടെന്നിരിക്കട്ടെ, അവനുമായി നിങ്ങൾ എല്ലാ കാര്യത്തിലും യോജിപ്പാണ്. അവിചാരിതമായി, നിങ്ങളവന് ഒരു റോസാപ്പൂ എറിഞ്ഞുകൊടുത്താൽ, നിങ്ങളുടെ സ്നേഹത്തിലും കരുതലിലും അവൻ വളരെ സന്തോഷവാനാകും. നിർഭാഗ്യവശാൽ, എന്തെങ്കിലും



അഭിപ്രായ വ്യത്യാസം കാരണം നിങ്ങൾക്ക് പരസ്പരം കണ്ടുകൂടാ എങ്കിൽ, നിങ്ങളവന് ഒരു റോസാപ്പൂ എറിഞ്ഞുകൊടുത്താൽ, അവൻ നിങ്ങളെ തീർത്തും തെറ്റിദ്ധരിക്കും. അവനെ അവഹേളിക്കാനായി നിങ്ങൾ മന:പൂർവം ചെയ്തതാണ് അതെന്നേ അവൻ കരുതൂ, കാരണം നിങ്ങളുടെ സുഹൃത്ത് ഒരു പ്രമേഹരോഗിയാണ്, റോസിന്റെ മുള്ളെങ്ങാനും കൊണ്ട് മുറിവുണ്ടായാൽ അത് കരിയില്ല, എന്നു മാത്രമല്ല അത് കാര്യങ്ങളെ കുറേക്കൂടി സങ്കീർണമാക്കി, അവസാനം അവന്റെ കൈ മുറിച്ചു കളയേണ്ട അവസ്ഥയുമുണ്ടാക്കാം. വ്യത്യാസം കണ്ടോ? രണ്ടു വ്യക്തികൾക്കും മാറ്റമില്ല. റോസാ പുഷ്പവും

അങ്ങനെതന്നെ. എന്നാൽ, സൗഹൃദ കാലയളവിൽ ആ പ്രവൃത്തി പോസിറ്റീവായി വീക്ഷിക്കപ്പെടുന്നു, അസൗഹൃദ കാലയളവിൽ അതേ പ്രവൃത്തി നെഗറ്റീവായി വീക്ഷിക്കപ്പെടുന്നു. ഓരോന്നും മനസ്സിലാണ് കിടക്കുന്നതെന്ന് ഇപ്പോൾ നിങ്ങൾക്കറി യാം. നിങ്ങളുടെ സുഹൃത്തിന് സന്തോഷം നൽകുന്ന ആ റോസാപ്പൂവ് ശത്രുതാ കാലയളവിൽ അതേ വ്യക്തിയുടെ മനസ്സിൽ സംശയം സൃഷ്ടിക്കുന്നു.

അപ്പോൾ, ഇനി ഞാൻ നിങ്ങളുടെ അടുത്ത ദൗർബല്യത്തെപ്പറ്റി പറയട്ടെ, ക്രോധം. എന്തിന് നിങ്ങൾ മറ്റുള്ളവരോട് കോപിക്കണം? ക്രോധം കാരണം നിങ്ങൾക്ക് നിങ്ങ ളുടെ ഊർജ്ജം നഷ്ടവാവുന്നു. തത്ഫലമായി നിങ്ങൾ ദുർബലനാവുന്നു. ഏതാനും മാസങ്ങളായി നിങ്ങൾ കഴിച്ച ആഹാരത്തിൽനിന്നും നിങ്ങൾക്കു ലഭിച്ച ഊർജ്ജം നിങ്ങളുടെ ഒരു നിമിഷത്തെ ക്രോധപ്രകടനം കൊണ്ട് നഷ്ടമാവുന്നു. ഇവിടെ, വ്യക്തമായി കാര്യം വിശകലനം ചെയ്യുക. എന്താണ് ശരിക്കും നിങ്ങളെ ദേഷ്യം പിടിപ്പിച്ചത്? ആരെങ്കിലും നിങ്ങളെ വിമർശിച്ചാൽ, ആക്ഷേപിച്ചാൽ, കുറ്റപ്പെടുത്തിയാൽ, അഥവാ നിന്ദിച്ചാൽ, സ്വാഭാവികമായും നിങ്ങൾക്ക് ആ വ്യക്തി യോട് കോപം തോന്നുന്നു. ഒരു നിമിഷം ശാന്തരായിട്ട്, വ്യക്തമായി ആരായൂ. നിങ്ങ ളുടെ തെറ്റുകൾ അഥവാ കുറവുകൾ ചൂണ്ടിക്കാണിക്കുന്നവരോട് നിങ്ങൾ എന്തിന് ദേഷ്യപ്പെടണം? നിങ്ങൾക്ക് അപരാധിയല്ലേ? നിങ്ങളുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കു ന്നതിനാണോ നിങ്ങൾക്ക് കോപം തോന്നുന്നത്? എന്തിന്? അതിനാൽ, നിങ്ങളുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കപ്പെട്ടാൽ നിങ്ങൾ ദേഷ്യപ്പെടേണ്ട ആവശ്യമില്ല.




നിങ്ങൾ കുറ്റമില്ലാത്തയാളും അപരാധമില്ലാത്തവനും ആണെന്നു സങ്കൽപ്പിക്കുക. അപ്പോൾ പോലും നിങ്ങൾ കോപിക്കേണ്ടതായില്ല, എന്തെന്നാൽ അതൊരു വ്യാജ ആരോപണമാണ്. എനിക്ക് കഷണ്ടിത്തലയാണെന്ന് ആരെങ്കിലും പറയുകയാ ണെങ്കിൽ, എനിക്ക് അവനോട് ദേഷ്യമില്ല കാരണം, അവൻ പറയുന്നതിൽ സത്യമില്ല, ഞാൻ കഷണ്ടിയല്ല. എനിക്ക് കേശഭാര(mop of hair)മാണുള്ളതെന്ന് ആരെങ്കിലും പറ യുകയാണെങ്കിൽ, അപ്പോഴും, എനിക്ക് ദേഷ്യമില്ല എന്തെന്നാൽ, സത്യമാണ് പറയ പ്പെട്ടത്. അപ്പോൾ, ഞാനൊരു ‘ബട്ട തല ബാബ’(കഷണ്ടിത്തല)യാണ് എന്നോ ‘ബുട്ട തല ബാബ’(ബാബയുടെ സമൃദ്ധമായ കേശഭാരം)യാണ് എന്നോ അവർ പറ

ഞ്ഞോട്ടെ. രണ്ടായാലും എനിക്ക് ദേഷ്യമില്ല. ഈ രീതിയിൽ നിങ്ങൾ ചിന്തിക്കുകയാണെങ്കിൽ, നിങ്ങൾക്ക് ദേഷ്യം വരില്ല, ആരോടും നീരസമുണ്ടാവില്ല.

ഏറ്റവും ഗുരുതരമായ തരത്തിലുള്ള രോഗം ഇതാണ്, അതിന് ചികിത്സയില്ല. അത് അസൂയ അഥവാ പകയാകുന്നു. വിദ്വേഷം, മഹാഭാഗവതവും മഹാഭാരതവും പോലെയുള്ള നമ്മുടെ പുരാണേതിഹാസങ്ങളിൽ പരാമർശിക്കപ്പെടുന്ന ഹിരണ്യാ



ക്ഷൻ, ഹിരണ്യകശിപു, ശിശുപാലൻ, ദന്താവക്രൻ പോലെയുള്ള ശക്തരായ ചക്രവർത്തിമാരെപ്പോലും നശിപ്പിച്ചു. പക മുഴുവൻ കൗരവകുലത്തെയും കൊന്നൊടുക്കി. അസൂയ, അഹന്ത, അഹംഭാവം, വിദ്വേഷം, ക്രോധം ഇവ ആസുരഗുണങ്ങളാകുന്നു. ഈ ദുർഗുണങ്ങളുള്ളവരെക്കുറിച്ച് ആരുംതന്നെ ഒരിക്കൽപ്പോലും ചിന്തിക്കില്ല. നമ്മുടെ ഇതിഹാസമായ മഹാഭാരതത്തിലെ, അസൂയയുടെ മൂർത്തിയായ ദുര്യോധനന്റെ പേരുള്ള ആരെയെങ്കിലും നിങ്ങൾ കണ്ടിട്ടുണ്ടോ? നമ്മുടെ ശാസ്ത്രങ്ങളിലെ, വിദ്വേഷത്തിന്റെ ആൾരൂപമായ ശിശുപാലന്റെ പേരുള്ള ആരെയെങ്കിലും നിങ്ങൾ കണ്ടിട്ടുണ്ടോ? ആരുമില്ല! എന്തുകൊണ്ട്? അപ്രകാരം പേരിടുന്നത് നാണക്കേടാണ്. രാമായണത്തിലെ സ്ത്രീ കഥാപാത്രമുണ്ടല്ലോ, മന്ഥര.



അസൂയയുടെ പ്രതീകം. കൈകേയി രാജ്ഞിക്കുപോലും അവൾ ചീത്തപ്പേരുണ്ടാക്കി. രാമനെ കാട്ടിലയയ്ക്കുന്നതിനും ഭരതനെ വാഴിക്കുന്നതിനും ഉത്തരവാദി അവളായിരുന്നു. മന്ഥര എന്നും കൈകേയി എന്നും പേരുള്ള സ്ത്രീകളെ നിങ്ങൾ കണ്ടിട്ടുണ്ടോ? ഇല്ല! ഒരിക്കലും! എന്തുകൊണ്ട്? അതെന്തുകൊണ്ടെന്നാൽ, അവർ ദുർഗുണങ്ങളെ പ്രതിനിധീകരിക്കുന്നു, അത് ആരെയും നശിപ്പിക്കും.

ഒരിക്കലും അഹംഭാവി(egoistic)കളാവരുത്! അഹംഭാവം എന്നത് അനാദരവിലേക്കു നയിക്കുന്ന മറ്റൊരു ദുർഗുണമാണ്. അഹംഭാവം തോന്നുമ്പോൾ ആത്മപരിശോധന

നടത്തുക. എന്തുകൊണ്ടീ അഹംഭാവം? എന്തടിസ്ഥാനത്തിലാണ് നിങ്ങൾ അഹംഭാവികളാവുന്നത്? ലോകം മുഴുവനുമെടുത്താൽ, ഇന്ത്യയ്ക്ക് എറുമ്പിനോളമേ വലിപ്പം വരൂ. ആ ഇന്ത്യയിൽ, നിങ്ങളുടെ സംസ്ഥാനം ആ എറുമ്പിന്റെ കണ്ണോളമേ വരൂ.




നിങ്ങളുടെ ജില്ല ആ എറുമ്പിന്റെ കണ്ണിലെ ഒരു പൊടിയുടെ അത്രയേ വരൂ. അപ്പോൾ നിങ്ങളുടെ സ്ഥ ലമോ? അപ്പോൾ നിങ്ങളുടെ കുടുംബത്തിൽ നിങ്ങളും നിങ്ങളുടെ നിലയുമോ? പ്രായോഗികമായി ഒന്നുമല്ല!

അതുകൊണ്ട്, അഹംഭാവത്തിനും ഗർവിനും ഇടം കൊടുക്കരുത്. ഇനി, അഹംഭാവവും ഗർവും കൂടിയേ തീരൂ എന്നാണെങ്കിൽ, നിങ്ങൾക്ക് നിങ്ങളുടെ അജ്ഞതയെച്ചൊല്ലി അഹംഭാവികളാവാം, നിങ്ങളുടെ വിഡ്ഢിത്തത്തെച്ചൊല്ലി അഹന്തയാവാം! മമതയും സ്വാർത്ഥ താത്പര്യവും നിങ്ങളെ വ്യാജ അടിസ്ഥാനത്തിൽ അഹംഭാവികളാക്കിയേക്കാം.

'ഞാൻ' എന്നും 'എന്റേത്' എന്നുമുള്ള ഭാവവും നല്ലതല്ല, അഥവാ സ്വാർത്ഥ താത്പര്യത്തിനാണ്. 'നിന്റേത്' എന്നും 'എന്റേത്' എന്നുമുള്ള ഭാവം അഭിമാനത്തിൽനിന്നും അഹങ്കാരത്തിൽനിന്നുമാണ് ഉയരുന്നത്. ഒരു ദൃഷ്ടാന്തം: നിങ്ങളുടെ അയൽക്കാരന് കുറേ കാലമായി അസുഖബാധിതയായ ഒരു മകളുണ്ട്. അവളുടെ ആരോഗ്യത്തെ




ച്ചൊല്ലി നിങ്ങൾക്ക് ആധിയോ ആശങ്കയോ ഇല്ല. അവൾക്ക് അസുഖമായി ഒരു കൊല്ലം കഴിഞ്ഞ്, നിങ്ങൾ അവളെ വിവാഹം കഴിക്കാനിടവരുന്നു. അതിനു ശേഷം, അവളുടെ ശരീരത്തിൽ ഒരു ചെറിയ ചൂടോ ഒരു തണുപ്പോ തോന്നിയാൽ നിങ്ങൾ ഓഫീസിൽ പോകാതെ, കാഷ്വൽ ലീവെടുക്കുന്നു. എന്തുകൊണ്ട്? അവൾ നിങ്ങളുടെ ഭാര്യയാണ്, മേലിൽ നിങ്ങളുടെ അയൽക്കാരന്റെ മകളല്ല. ഈ വ്യത്യാസം മമത( attachment)യുടേത് മാത്രമാണ്.

'മമകാരം' ആണ്, എന്റേതെന്ന ഭാവം, മഹാഭാരതത്തിലെ വൃദ്ധ രാജാവായ ധൃതരാഷ്ട്രരെക്കൊണ്ട് തന്റെ പുത്രന്മാരുടെ സകല ദുഷ്ചെയ്തികളെയും പിന്താങ്ങിച്ചത്, മുഴുവൻ വംശത്തിന്റെയും നാശത്തിലേക്ക് നയിച്ചത്. അദ്ദേഹത്തിന് നൂറു പുത്രന്മാരുണ്ടായിരുന്നു, പക്ഷേ തന്റെ അന്ത്യകർമങ്ങൾ ചെയ്യാൻകൂടി ഒരൊറ്റയാളും അവ

ശേഷിച്ചില്ല. 'ഞാൻ' എന്നും 'എന്റേത്' എന്നുമുള്ള ഭാവം കാരണം, ഒരുവൻ ഈ അവസ്ഥയിലേക്ക് പതിക്കും.




ഈ ദുർഗുണങ്ങൾ നിങ്ങളിൽ ഇടം പിടിക്കുന്നുവെന്ന് കാണുമ്പോൾ, പത്തു തവണ ആവർത്തിക്കുക, "ഞാനൊരു മനുഷ്യനാണ്, ഒരു മൃഗമല്ല", "ഞാനൊരു മനുഷ്യനാണ്, ഒരു മൃഗ മല്ല", മൃഗീയ ഗുണങ്ങളായ അഹങ്കാരം, അഹംഭാവം, അസൂയ, ഈർഷ്യ, ദ്വേഷം, അഭിമാനം, മമത, മമകാരം('ഞാൻ' എന്നും 'എന്റേത്' എന്നുമുള്ള ഭാവം) ഇവയിൽനിന്ന് നിങ്ങൾക്ക് മുക്തി നേടാനാവും.

**Q. സ്വാമീ! എത്ര സുന്ദരമായാണ് ലളിതമായ രീതിയിൽ, ഇത്ര എളുപ്പമുള്ള രീതിയിൽ, ഗഹനമായ കാര്യങ്ങൾ അവിടുന്ന് വിശദീകരിച്ചത്. ജീവിതത്തിന്റെ പരമ ലക്ഷ്യമായ അമരത്വത്തിലേക്കുള്ള മാർഗം എന്താണ്?**




**ഭഗവാൻ:** വളരെ ലളിതം! വളരെ എളുപ്പം! അമരത്വത്തിലേക്കുള്ള ഒരേയൊരു മാർഗം ദുർവൃത്തിയുടെ ദുരീകരണം(removal of immorality) ആകുന്നു!

**Q. സ്വാമീ! എങ്ങനെയാണ് വിരക്തിയുള്ള ഒരു ജീവിതം നയിക്കുക? ഞങ്ങളുടെ വസ്തുവകകൾ, പദവികൾ, സമ്പത്ത് ഇവ ഇല്ലാതാവുമ്പോൾ ഞങ്ങൾ ദു:ഖിക്കുന്നു. ഇവയൊക്കെ ഞങ്ങളുടെ പക്കൽനിന്നും എടുത്തു മാറ്റപ്പെട്ടാലും വിഷമമില്ലാതെ എങ്ങനെ ഇരിക്കാമെന്ന് ദയവായി ഞങ്ങളോടു പറഞ്ഞാലും.**

**ഭഗവാൻ**: നിങ്ങൾ എല്ലായ്പോഴും നിങ്ങളുടെ ജീവിതത്തിന്റെ ഉദ്ദേശ്യവും ലക്ഷ്യവും മുന്നിൽ കാണണം. നിങ്ങൾ ഒരിക്കലും നിങ്ങളുടെ കടമകളും ഉത്തരവാദിത്തങ്ങളും ഉപേക്ഷിക്കരുത്. നോക്കൂ, ഇന്നത്തെ ന്യൂസ് പേപ്പർ നാളത്തെ വെയ്സ്റ്റ് പേപ്പറാണ്. നിങ്ങളുടെ പോയകാല ജീവിതം ഒരിക്കലും തിരികെ വരില്ലെന്ന് ഉറപ്പാക്കണം. മൂന്ന് പ്രധാന വസ്തുതകൾ നിങ്ങൾ എല്ലായ്പോഴും ഓർക്കണം: ലോകം സ്ഥിരമാണെന്നും നിങ്ങൾക്കു ചുറ്റിനുമുള്ളവരുമായുള്ള ബന്ധം നിലനിൽക്കുന്നതാണെന്നും




ഒരിക്കലും തോന്നരുത്. അല്ല! രണ്ടാമത്തെ കാര്യം, യാതൊരു സാഹചര്യത്തിലും നിങ്ങൾ ഈശ്വരനെ മറക്കരുത്. ഓർക്കേണ്ട മൂന്നാമത്തെ വസ്തുത, മരണത്തെ ഭയക്കരുത് എന്നതാണ്!

ഒരുവൻ അവന്റെ തന്നെ മന:സാക്ഷിയോടു ചോദിക്കണം, ‘‘ഞാൻ ആരാണ്?’’ ‘‘ഞാൻ എവിടെ നിന്നും വന്നു?’’ ‘‘ആരാണ് ഈശ്വരൻ?’’ ‘‘ജീവിതത്തിന്റെ ലക്ഷ്യം എന്താണ്?’’ ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താനായിട്ടാണ് മനുഷ്യജീവിതം നിങ്ങൾക്ക് സമ്മാനിക്കപ്പെട്ടിരിക്കുന്നത്.

നാം നമ്മുടെ ലക്ഷ്യം നേടത്തക്കവിധം, നമ്മുടെ ജീവിതം എപ്രകാരം നയിക്കണം എന്നതു സംബന്ധിച്ച കൂടുതൽ പ്രധാനമായ ഉൾക്കാഴ്ചകൾ അടുത്ത ലക്കങ്ങളിൽ ഭഗവാൻ ബാബ നമുക്ക് തരുന്നതാണ്.

നിങ്ങളുടെ സമയത്തിന് നന്ദി.

ഓം സായിരാം.

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു –** (സത്യോപനിഷത്ത് വാല്യം 2 പേജ് 234-240)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)